# തിരുവനന്തപുരം നഗരസഭ

"പ്രസിദ്ധീകരണത്തിന്"

## കെട്ടിട നിർമ്മാണ പെർമിറ്റ് ഒക്ടോബർ 1 മുതൽ അപേക്ഷകൾ പുതിയ സോഫ്റ്റ് വെയറിലൂടെ മാത്രം

തിരുവനന്തപുരം നഗരസഭയിലെ കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ ഒക്ടോബർ 1 മുതൽ പുതിയ സോഫ്റ്റ് വെയറായ IBPMS ലൂടെ മാത്രമെ സ്വീകരിക്കുകയുള്ളൂവെന്ന് മേയർ അഡ്വ.വി.കെ.പ്രശാന്ത് അറിയിച്ചു. IBPMS സോഫ്റ്റ് വെയറിനന്റെ പുരോഗതി വിലയിരുത്തുന്നതിനായി ചേർന്ന യോഗത്തിൽ സങ്കേതം സോഫ്റ്റ് വെയറിൽ തന്നെയാണ് ഇപ്പോഴും അപേക്ഷകൾ സ്വീകരിക്കുന്നത് എന്ന് എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്തു. സംസ്ഥാന സർക്കാർ തയ്യാറാക്കിയ IBPMS സോഫ്റ്റ് വെയർ പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭയിൽ ഉപയോഗിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും ജൂലൈ മാസത്തിൽ പ്രവർത്തനം തുടങ്ങുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ഇതിനാവശ്യമായ പരിശീലനം ഉദ്യോഗസ്ഥർക്കും ബിൽഡിംഗ് ഡിസൈനർമാർക്കും നൽകുകയും ചെയ്തിട്ടുണ്ട്. IBPMS സോഫ്റ്റ് വെയറിലൂടെ കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകൾ സമർപ്പിക്കപ്പെടാത്ത സാഹചര്യത്തിലാണ് ഒക്ടോബർ 1 മുതൽ നിലവിലുള്ള സങ്കേതം സോഫ്റ്റ് വെയർ ഒഴിവാക്കി കെട്ടിട നിർമ്മാണത്തിനുള്ള എല്ലാ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് നിർബന്ധമായി IBPMS സോഫ്റ്റ് വെയർ ഉപയോഗിക്കണമെന്ന് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയത്. IBPMS സോഫ്റ്റ് വെയർ സംബന്ധിച്ച് ജീവനക്കാർക്ക് സെപ്റ്റംബർ 27 നും ബിൽഡിംഗ് ഡിസൈനർമാർക്ക് സെപ്റ്റംബർ 28 നും നഗരസഭയിലെ കോഫീഹൗസിന് മുകളിലുള്ള ഹാളിൽ വെച്ച് പരിശീലനം നൽകുന്നതിനും തീരുമാനിച്ചു. IBPMS സോഫ്റ്റ് വെയറിന്റെ പരിശീനം ആവശ്യമുള്ളവർ ഈ സൗകര്യം പ്രയോജനപ്പെടുത്തണമെന്നും മേയർ അറിയിച്ചു.

Sd/-

24.09.2018

**പി.എ. ടു മേയർ**